# Malayala Manorama

# 19 August 2018

# Kochi, Flood, Death

# പ്രളയ ദുരിതത്തിൽ ഇന്നലെ മരണ്ഞത് 14 പേർ

കൊച്ചി • പ്രളയദുരിതത്തിൽ പെട്ടു ജില്ലയിൽ ഇന്നലെ ജീവൻ പൊലിഞ്ഞത് 14 പേർക്ക്. മൂവാറ്റുപുഴ വാളകം റാക്കാട് വെള്ളത്തിൽ മുങ്ങിമരിച്ച നിലയിൽ യുവാവിന്റെ മൃതദേഹം കണ്ടെത്തി. വാളകം റാക്കാട് താണിച്ചുവട്ടിൽ സണ്ണിയുടെ മകൻ ടി.എസ്. അനിൽകുമാർ (33) ആണ് മരിച്ചത്. ഇദ്ദേഹത്തെ 15 മുതൽ കാണ്മാനില്ലായിരുന്നു. ഇന്നലെ രാവിലെയാണ് മൃതദേഹം വെള്ളത്തിൽ റാക്കാട് കടവിനു സമീപം കണ്ടെത്തിയത്. പോസ്റ്റ്മോർട്ടത്തിനു ശേഷം മൃതദേഹം ബന്ധുക്കൾക്കു വിട്ടുകൊടുത്തു. തൊടുപുഴ സ്വദേശിയായ അനിൽകുമാർ സമീപ കാലത്താണ് റാക്കാട് താമസമാക്കിയത്. ഭാര്യ: ബീന. മക്കൾ: ഗ്ലോറിയ, ഗോഡ്ഫി.

പ്രളയത്തെ തുടർന്നു കാണാതായ മൂവാറ്റുപുഴ കൊല്ലം കുടിയിൽ കുട്ടപ്പന്റെ മകൻ കെ.കെ. ബിനുവിന്റെ (41) മൃതദേഹം ഇന്നലെ ഉച്ചയോടെ ആശ്രമം ബസ്സ്റ്റാൻഡിനു സമീപം കണ്ടെത്തി. പോസ്റ്റ്മോർട്ടത്തിനു ശേഷം മൃതദേഹം സംസ്കരിച്ചു. ഭാര്യ: അനിത. മക്കൾ: ജിനു, ജിനി.

മൽസ്യബന്ധന ബോട്ട് മുങ്ങി എളങ്കുന്നപ്പുഴയിൽ കാണാതായ മൂന്നുപേരിൽ സൗത്ത് പുതുവൈപ്പ് തൈങ്ങിൽ ബഷീറിന്റെ മൃതദേഹം ആലപ്പുഴ കടലിൽ കണ്ടെത്തി. കഴിഞ്ഞ 15നു രാവിലെ ആറിനാണ് അനുഗ്രഹ-2 ബോട്ട് അർത്തുങ്കലിൽ നിന്ന് 22 കിലോമീറ്റർ അകലെ മുങ്ങിയത്. മധു, സേവ്യർ എന്നിവരെയാണ് ഇനി കണ്ടെത്താനുള്ളത്. കബറടക്കം നടത്തി. ഭാര്യ: ഐഷാബി. മക്കൾ: ആഷിദ, അഹമ്മദ് കബീർ.

വെള്ളം നിറഞ്ഞ പറവൂർ ചെറായി റോഡിലൂടെ നീന്തി പോവുകയായിരുന്ന യുവാവ് കുഴഞ്ഞുവീണ് മരിച്ചു. പറവൂർ സ്വദേശി നൗഷാദ് (34) ആണ് മരിച്ചത്. ചെറായിപാടത്ത് വച്ചാണ് വെള്ളത്തിൽ കുഴഞ്ഞുവീണത്. ഉടനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചിരുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കിടെ കുഴഞ്ഞു വീണതിനെ തുടർന്ന് ആശുപത്രിയിലെത്തിച്ച കോലഞ്ചേരി കറുകപ്പിള്ളി പരത്തപ്പിള്ളി പി.പി. എൽദോ (53) മരിച്ചു. കറുകപ്പിള്ളി ഗവ. യുപി സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ വ്യാഴം വൈകിട്ട് അഞ്ചിനു കുഴഞ്ഞു വീണ ഇദ്ദേഹത്തെ ഉടൻ കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചെങ്കിലും ഇന്നലെ ഉച്ചയോടെ മരിച്ചു. സംസ്കാരം ഇന്നു രണ്ടിനു കറുകപ്പിള്ളി സെന്റ് ജോർജ് പള്ളിയിൽ. ഭാര്യ: കടയിരുപ്പ് മൂട്ടമോളേൽ ഷൈജി. മകൻ: ബേസിൽ.

ആലുവ ഗേൾസ് സ്കൂളിൽ ദുരിതാശ്വാസ ക്യാംപിലായിരുന്ന യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. ആലുവ കടത്തുകടവിൽ ഗോൾഡൻ അക്വേറിയം കടയുടമ സന്തോഷ് (45) ആണു മരിച്ചത്. മൃതദേഹം കടത്തുകടവ് ഭാഗത്തു വെള്ളത്തിൽ ഒഴുകി നടക്കുകയായിരുന്നു.

വ്യാഴാഴ്ച രാവിലെ ദുരന്ത നിവാരണ സേനയാണു ക്യാംപിലെത്തിച്ചത്. ഇന്നലെ രാവിലെ മുതൽ ആളെ കാണാനില്ലായിരുന്നു. ഭാര്യ: കൃഷ്ണവേണി. മക്കൾ: സാന്ദ്ര, സാന്ത്വന.

വടക്കേക്കര ചക്കുമരശേരി കൃഷ്ണ ഓഡിറ്റോറിയത്തിലെ ദുരിതാശ്വാസ ക്യാംപിൽ മുറവൻതുരുത്ത് കൊല്ലാറയ്ക്കൽ സതീശൻ (65) മരിച്ചു. നെഞ്ചുവേദന അനുഭവപ്പെട്ടതിനെത്തുടർന്നാണു മരണം. ഭാര്യയും ഒരു മകനുമുണ്ട്. പറവൂർ പച്ചക്കറി ചന്തയിലെ തൊഴിലാളിയായിരുന്നു. ഡോൺ ബോസ്കോ ആശുപത്രിയിൽ മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന സതീശന്റെ മൃതദേഹം കെഎസ്ആർടിസി ബസിലാണ് സംസ്കാരം നടത്തുന്നതിനായി തോന്ന്യകാവ് ശ്മശാനത്തിലേക്കു കൊണ്ടുപോയത്.

ഇരുന്നൂറിലേറെ പേർ കഴിയുന്ന ആളംതുരുത്തിലെ മുസിരിസ് ഓഡിറ്റോറിയത്തിൽ രോഗബാധിതനായി ഒരു കുട്ടി മരിച്ചു. ആളംതുരുത്ത് സ്വദേശി ആദർശാണ് മരിച്ചത്. കുട്ടി നേരത്തെതന്നെ രോഗബാധിതനായിരുന്നു. പട്ടണം സമാജം ക്യാംപിൽ കഴിഞ്ഞിരുന്ന വയോധിക പട്ടണം മുണ്ടേപാടത്ത് രാജമ്മ (78) ആണ് മരിച്ചത്. ഇവരുടെ മൃതദേഹം താലൂക്ക് ആശുപത്രിയിൽ കൊണ്ടുവന്നു പോസ്റ്റ്മോർട്ടത്തിനു ശേഷം സംസ്കാരത്തിനായി കെഎസ്ആർടിസി ബസിൽ തോന്ന്യകാവ് ശ്മശാനത്തിൽ കൊണ്ടുപോയി.

രക്ഷാപ്രവർത്തനത്തിനിടെ ഒഴുക്കിൽപ്പെട്ട് ആലുവയിൽ യുവാവ് മരിച്ചു. കീഴ്മാട് സ്വദേശി മണികണ്ഠൻ ആണു മരിച്ചത്.

കാലടി കൈപ്പട്ടൂരിൽ വയോധികയെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. നാരായണി (86) ആണു മരിച്ചത്.



കെ.കെ. ബിനു, സന്തോഷ്, മണികണ്ഠൻ, ബഷീർ, എൽദോ.

## ഒഴുക്കിൽപ്പെട്ട് വിദ്യാർഥിയെ കാണാതായി

പറവൂർ • വെള്ളപ്പൊക്കം അതിശക്തമായ പുത്തൻവേലിക്കരയിലെ മാളവനയിൽ ഒഴുക്കിൽപ്പെട്ട് വിദ്യാർഥിയെ കാണാതായി. മാളവന മാളിയേക്കൽ ജോർജിന്റെ മകൻ ലിജോയെയാണ് (27) കാണാതായത്. എൻജിനീയറിങ് വിദ്യാർഥിയാണ്. സുഹൃത്തിനോടൊപ്പം മോറത്തോടിനടുത്ത് വെള്ളം നീന്തിപ്പോകുമ്പോൾ തോട്ടിലെ ശക്തിയായ ഒഴുക്കിൽപ്പെടുകയായിരുന്നു. രക്ഷിക്കാനുള്ള ശ്രമങ്ങൾ വിജയിച്ചില്ല.